**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6108** — **20.11.2019 ലെ മറുപടിയ്ക്ക്.**

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 9 എം.ആർ.എസുകൾ പ്രവർത്തിച്ചു വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, സ്പോർട്സ് സ്കൂൾ (മിക്സഡ്), വെള്ളായണി, തിരുവനന്തപുരം ജില്ല<br>2. ഗവ: എം.ആർ.എസ്. പുന്നപ്ര, (പെൺകുട്ടികൾക്കായി) ആലപ്പുഴ ജില്ല<br>3. ഗവ: എം.ആർ.എസ്. പീരുമേട്, (മിക്സഡ്) ഇടുക്കി ജില്ല<br>4. ഗവ: എം.ആർ.എസ്. കീഴ്മാട്, (ആൺകുട്ടികൾക്കായി) ആലുവ, എറണാകുളം ജില്ല.<br>5. ഗവ: എം.ആർ.എസ്. വടക്കാഞ്ചേരി, (ആൺകുട്ടികൾക്കായി) തൃശ്ശൂർ ജില്ല.<br>6. ഗവ: എം.ആർ.എസ്. ചേലക്കര, (ആൺകുട്ടികൾക്കായി) തൃശ്ശൂർ ജില്ല.<br>7. ഗവ: എം.ആർ.എസ്. കുഴൽമന്ദം (ആൺകുട്ടികൾക്കായി) പാലക്കാട് ജില്ല.<br>8. ഗവ: എം.ആർ.എസ്. തൃത്താല (പെൺകുട്ടികൾ) പാലക്കാട് ജില്ല.<br>9. ഗവ: എം.ആർ.എസ്., വെള്ളച്ചാൽ (ആൺകുട്ടികൾക്കായി) കാസർഗോഡ് ജില്ല.<br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ഒരു എം.ആർ.എസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. KIIFB-യുടെ ധനസഹായത്തോടെയുള്ള സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ കൊറഗ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോം എം.ആർ.എസ് കൂടാതെ തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ എന്നിവിടങ്ങളിൽ എം.ആർ.എസ് ആരംഭിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ ടി സ്ഥലങ്ങളിൽ എം.ആർ.എസ് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ ഉള്ള്യേരിയിൽ പ്രവർത്തനം നിലച്ച എം.ആർ.എസ് ന് പകരമായി മരുതോങ്കരയിൽ പുതിയ ഒരു എം.ആർ.എസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>പട്ടികവർഗ വികസന വകുപ്പിന് കീഴിൽ അട്ടപ്പാടിയിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളത്ത് കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ജില്ല |
|---|---|---|
| 1 | ഡോക്ടർ അംബേദ്കർ മെമ്മോ റിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല, ശ്രീകാര്യം. | തിരുവനന്തപുരം |
| 2 | ജി.കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ, | തിരുവനന്തപുരം. |
| 3 | ഡോ. അംബേദ്കർ വിദ്യാ നികേതൻ മോഡൽ റസിഡൻഷ്യൽ സി.ബി.എസ്.ഇ സ്കൂൾ, ഞാറനീലി (ഇലഞ്ചിയം) | തിരുവനന്തപുരം |
| 4 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ | കൊല്ലം |
| 5 | മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര, പത്തനംതിട്ട | പത്തനംതിട്ട |
| 6 | മോഡൽ റസിഡൻഷ്യൽ സ്കൂൾ , ഏറ്റുമാനൂർ | കോട്ടയം |
| 7 | ഏകലവ്യാമോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി (ആൺകുട്ടികളും പെൺകുട്ടികളും) | ഇടുക്കി |
| 8 | മോഡൽ റസിഡൻഷ്യൽ സ്കൂൾ മൂന്നാർ | ഇടുക്കി |
| 9 | മോഡൽ റസിഡൻഷ്യൽ സ്കൂൾ ചാലക്കുടി | തൃശ്ശൂർ |
| 10 | ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ, എസ്.വി. ലൈൻ, മലമ്പുഴ, പാലക്കാട് | പാലക്കാട് |
| 11 | സൈലന്റ്‌വാലി മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുക്കാലി പി.ഒ. അട്ടപ്പാടി | പാലക്കാട് |
| 12 | ശ്രീമതി ഇന്ദിരാഗാന്ധി മെമ്മോ റിയൽ ആശ്രമ സ്കൂൾ നിലമ്പൂർ, ജവഹർകോളനി (ആൺകുട്ടികളും പെൺകുട്ടി കളും) | മലപ്പുറം |
| 13 | ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ , പൂക്കോട്, വയനാട് | വയനാട് |
| 14 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കണിയാമ്പറ്റ, വയനാട് | വയനാട് |
| 15 | ഡോക്ടർ അംബേദ്കർ മെമ്മോ റിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർനാട്, മാനന്തവാടി (ആൺകുട്ടികൾ) | വയനാട് |
| 16 | ശ്രീ രാജീവ്ഗാന്ധി മെമ്മോറിയൽ ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ,നൂൽപ്പുഴ,കല്ലൂർ സുൽത്താൻബത്തേരി | വയനാട് |
| 17 | ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുനെല്ലി, മാനന്തവാടി | വയനാട് |

| | | |
|---|---|---|
| 18 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കണ്ണൂർ. (ആൺകുട്ടികൾ) പട്ടുവം | കണ്ണൂർ |
| 19 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പരവനടുക്കം. കാസർഗോഡ്(പെൺകുട്ടികൾ) | കാസർഗോഡ് |
| 20 | ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ കൊറഗ, കാസർ ഗോഡ് | കാസർഗോഡ് |

സെക്ഷൻ ഓഫീസർ